2026
APRIL
28
TUESDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




# ഇന്ത്യയുടെ ജനാധിപത്യ ഉത്സവത്തെ ഉറ്റുനോക്കി ലോകം

**തിരുവനന്തപുരം:** തിരഞ്ഞെടുപ്പ് കമ്മീഷന്റെ അന്താരാഷ്ട്ര തിരഞ്ഞെടുപ്പ് സന്ദർശക പരിപാടിയുടെ ഭാഗമായി തമിഴ്നാട്ടിലെയും പശ്ചിമ ബംഗാളിലെയും (ആദ്യഘട്ടം) നിയമസഭാ തിരഞ്ഞെടുപ്പുകൾ ആഗോള ശ്രദ്ധയാകർഷിച്ചു. 16 രാജ്യങ്ങളിലെ 32 അന്താരാഷ്ട്ര പ്രതിനിധികളുടെ സംഘം രാജ്യത്തെ തിരഞ്ഞെടുപ്പ് പ്രക്രിയയ്ക്ക് നേരിട്ട് സാക്ഷ്യം വഹിച്ചു.

തിരഞ്ഞെടുപ്പിനെ 'യഥാർത്ഥ ജനാധിപത്യ ഉത്സവം' എന്ന് വിശേഷിപ്പിച്ച പ്രതിനിധികൾ വോട്ടർമാരുടെ റെക്കോഡ് പങ്കാളിത്തത്തെയും നടത്തിപ്പിനെയും അഭിനന്ദിച്ചു. 'തിരഞ്ഞെടുപ്പ് എങ്ങനെ നടത്തണമെന്നത് സംബന്ധിച്ച് അനുഭവവും നടപടിക്രമങ്ങളും അറിവും ഇന്ത്യ ലോകത്തിനാകെ നൽകുകയാണും വോട്ടിനെ വോട്ടറിലേക്ക് എത്തിക്കുകയെന്ന ഈ സമീപനമാണ് ജനാധിപത്യമെന്നുമാണ് തമിഴ്നാട്ടിലെ ചെന്നൈയിൽ ഒരു വോട്ടെടുപ്പ് കേന്ദ്രം സന്ദർശിച്ച ശേഷം മൗറീഷ്യസ് ഹൈക്കമ്മീഷണർ ഷീലാബായ് ബാപ്പൂ പറഞ്ഞത്.

തമിഴ്നാട്ടിലെയും പശ്ചിമ ബംഗാളിലെയും വോട്ടിങ് സാമഗ്രികളുടെ വിതരണ കേന്ദ്രങ്ങൾ സന്ദർശിച്ചുകൊണ്ടായിരുന്നു അന്താരാഷ്ട്ര പ്രതിനിധികൾ സന്ദർശനം ആരംഭിച്ചത്. കൃത്യമായി ആസൂത്രണം ചെയ്ത വിതരണ സംവിധാനങ്ങളിലൂടെയും നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചും വോട്ടിങ് സാമഗ്രികളുമായി തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥ സംഘം നീങ്ങുന്ന രീതി അവർ നിരീക്ഷിച്ചു. തമിഴ്നാട് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുമായും പശ്ചിമ ബംഗാളിലെ സിലിഗുഡിയിൽ ഡാർജിലിങ് ജില്ലയിലെ മുതിർന്ന തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുമായും പ്രതിനിധികൾ ആശയവിനിമയം നടത്തി.

വോട്ടെടുപ്പ് ക്രമീകരണങ്ങളെ അഭിനന്ദിച്ച പ്രതിനിധികൾ മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിക്കാർക്കും വീട്ടിൽ വോട്ട് രേഖപ്പെടുത്താൻ ഏർപ്പെടുത്തിയ സൗകര്യത്തെ മികച്ച സംരംഭമെന്ന് വിശേഷിപ്പിച്ചു. റാംപുകൾ, വീൽചെയറുകൾ, വളണ്ടിയർമാർ, ക്രഷ് സൗകര്യങ്ങൾ എന്നിവയുൾപ്പെടെ വോട്ടെടുപ്പ് കേന്ദ്രങ്ങളിലെ ഉൾച്ചേർക്കലും പങ്കാളിത്തവും പ്രാപ്യതയും ഉറപ്പാക്കുന്ന സംവിധാനങ്ങളെയും സ്ത്രീകളും ഭിന്നശേഷിക്കാരും മാത്രം കൈകാര്യം ചെയ്യുന്ന പ്രത്യേക വോട്ടെടുപ്പ് കേന്ദ്രങ്ങളെയും അവർ അഭിനന്ദിച്ചു.

മറ്റ് രാജ്യങ്ങളിലെ തിരഞ്ഞെടുപ്പ് നിർവഹണ സംവിധാനങ്ങളുമായും അന്താരാഷ്ട്ര സംഘടനകളുമായും സഹകരണം മെച്ചപ്പെടുത്തുന്നതിന് തിരഞ്ഞെടുപ്പ് കമ്മീഷൻ നടത്തുന്ന സുപ്രധാന സംരംഭമാണ് അന്താരാഷ്ട്ര തിരഞ്ഞെടുപ്പ് സന്ദർശക പരിപാടി.

ഇന്ത്യയുടെ തിരഞ്ഞെടുപ്പ് ഘടന, സ്ഥാപനപരമായ സംവിധാനങ്ങൾ, പ്രവർത്തന രീതികൾ എന്നിവയെക്കുറിച്ച് സമഗ്ര അവലോകനം നൽകുന്നതിനൊപ്പം തിരഞ്ഞെടുപ്പ് നിർവഹണത്തിലെ മികച്ച മാതൃകകളും നൂതന രീതികളും പ്രതിനിധികൾക്ക് ഈ പരിപാടിയിലൂടെ പരിചയപ്പെടുത്തുന്നു. സുഗമമായ വോട്ടെടുപ്പും ഉയർന്ന പോളിങ് ശതമാനവും സന്ദർശക സംഘങ്ങളുടെ പ്രശംസ പിടിച്ചുപറ്റി.

നേരത്തെ ഏപ്രിൽ 8, 9 തീയതികളിൽ 22 രാജ്യങ്ങളിലെ 38 പ്രതിനിധികൾ അസം, കേരളം, പുതുച്ചേരി എന്നിവിടങ്ങൾ സന്ദർശിച്ചിരുന്നു. ഇതോടെ 2026ലെ അന്താരാഷ്ട്ര തിരഞ്ഞെടുപ്പ് സന്ദർശക പരിപാടിയുടെ ഭാഗമായി 38 രാജ്യങ്ങളിൽനിന്നും ഇന്റർനാഷണൽ ഐഡിയയിൽ നിന്നുമായി ആകെ 70 പ്രതിനിധികൾ തിരഞ്ഞെടുപ്പ് നടന്ന 5 സംസ്ഥാനങ്ങൾ/കേന്ദ്രഭരണ പ്രദേശങ്ങൾ സന്ദർശിച്ചു.

## ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട സിവിൽ സർവീസ് വിജയികൾക്ക് ആദരവ്

**തിരുവനന്തപുരം:** 2025 ലെ യു.പി.എസ്.സി സിവിൽ സർവീസ് പരീക്ഷയിൽ വിജയിച്ച ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അനുമോദനമായി 'ആദരവ്' എന്ന പേരിൽ പരിപാടി സംഘടിപ്പിച്ചു. തിരുവനന്തപുരം മാസ്കറ്റ് ഹോട്ടലിലെ സിംഫണി ഹാളിൽ നടന്ന ചടങ്ങിൽ അജയ് ആർ രാജ്, കാജൽ രാജു, ജസ്സീല ജന്നത്ത് പി, ആതിര സുഗതൻ കെ, മുഹമ്മദ് ഷെസിൻ സി.പി എന്നിവരെ ആദരിച്ചു. വിജയികൾക്ക് ക്യാഷ് അവാർഡും ശിൽപ്പവും നൽകി.

സാമൂഹ്യ നീതി വകുപ്പും കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസും സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്. ചടങ്ങിൽ സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ ഡോ. അരുൺ എസ് നായർ ആമുഖപ്രഭാഷണം നടത്തി. സംസ്ഥാന ഭിന്നശേഷി കമ്മീഷണർ ഡോ. പി.ടി. ബാബു രാജ്, സാമൂഹ്യ നീതി വകുപ്പ് അഡീഷണൽ ഡയറക്ടർ എസ്. ജലജ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ അസിസ്റ്റന്റ് ഡയറക്ടർ സന്തോഷ് ജേക്കബ് എന്നിവർ സംസാരിച്ചു.

പരിപാടിയിൽ ആദരിക്കപ്പെട്ട വിജയികൾ സിവിൽ സർവീസ് പരീക്ഷയെക്കുറിച്ചുള്ള അനുഭവങ്ങൾ പങ്കുവെച്ചു. പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന മറ്റു ഉദ്യോഗാർത്ഥികൾക്ക് മാർഗനിർദ്ദേശങ്ങളും നൽകി.

## ഏപ്രിൽ 30 വരെ അറ്റസ്റ്റേഷൻ ഉണ്ടായിരിക്കില്ല

**കൊച്ചി:** സാങ്കേതിക കാരണങ്ങളാൽ ഏപ്രിൽ 30 വരെ നോർക്ക റൂട്ട്സിന്റെ എറണാകുളം സർട്ടിഫിക്കറ്റ് ഒതന്റിക്കേഷൻ സെന്ററിൽ അറ്റസ്റ്റേഷൻ സേവനം ഉണ്ടായിരിക്കുന്നതല്ലെന്ന് നോർക്ക റൂട്ട്സ് അധികൃതർ അറിയിച്ചു.

## കടകൾ തുറന്ന് പ്രവർത്തിക്കും : വ്യാപാരി വ്യവസായി ഏകോപന സമിതി

**കൊച്ചി:** ബിഡിഎസ് വിദ്യാർത്ഥി നിതിൻ രാജിന്റെ മരണത്തിന് ഉത്തരവാദികളായവരെ അറസ്റ്റു ചെയ്യണമെന്നാവശ്യപ്പെട്ട് ഇന്ന് രാവിലെ ആറു മുതൽ വൈകിട്ട് ആറു വരെ നടത്തുന്ന ഹർത്താലുമായി സഹകരിക്കില്ലെന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റും ജില്ലാ പ്രസിഡന്റുമായ പി.സി ജേക്കബ്ബ് വാർത്താക്കുറിപ്പിൽ അറിയിച്ചു.

കേസിന്റെ അന്വേഷണം ശരിയായ ദിശയിലൂടെയാണ് മുന്നോട്ടു പോകുന്നതെന്നാണ് മനസിലാക്കാൻ കഴിഞ്ഞത്. നിതിൻ രാജിന്റെ മരണത്തിൽ പ്രതിസ്ഥാനത്തുള്ള വ്യക്തിയുടെ മുൻകൂർ ജാമ്യാപേക്ഷ കോടതി തള്ളുകയും ഇയാൾക്കെതിരെ പോലീസ് അന്വേഷണം ഊർജ്ജിതമാക്കുകയും ചെയ്ത സാഹചര്യത്തിൽ ഹർത്താൽ നടത്തി ജനങ്ങളെ ബുദ്ധിമുട്ടിപ്പിക്കുന്നതിനോട് യോജിപ്പില്ല. ഏകോപന സമിതിയിൽ അംഗങ്ങളായിട്ടുള്ള മുഴുവൻ വ്യാപാരികളും പതിവ് പോലെ ഇന്നും കടകൾ തുറക്കുമെന്നും പി.സി ജേക്കബ്ബ് വ്യക്തമാക്കി.






## ഇന്നത്തെ പരിപാടി

### കൊച്ചി

**എറണാകുളം ടൗൺ ഹാൾ:** ഓൾ ഇന്ത്യ ബാങ്ക് പെൻഷനേഴ്സ് ആൻഡ് റിട്ടയറീസ് കോൺഫെഡറേഷൻ (ഐ.ഐ.ബി.പി.എ.ആർ.സി ) ത്രൈവാർഷിക ദേശീയ സമ്മേളനം. പതാക ഉയർത്തൽ 09.30, പ്രതിനിധി സമ്മേളനം 10.00, വൈകിട്ട് അഞ്ചിന് സമ്മേളനം ഉദ്ഘാടനം റിട്ട ജസ്റ്റിസ് വി.ജി അരുൺ

**ഇടപ്പള്ളി ചങ്ങമ്പുഴ പാർക്ക് :** ഇടപ്പള്ളി നൃത്താസ്വാദകസദസ്സിന്റെ 130ാം വാർഷികാഘോഷം . വൈകിട്ട് 6ന് നടി മുത്തുമണി ഉദ്ഘാടനം ചെയ്യും.

**ചാവറ ലൈബ്രറി ഹാൾ :** കൊച്ചിൻ ഫിലിം സൊസൈറ്റിയും ചാവറ കൾച്ചറൽ സെന്ററും ചേർന്ന് സംഘടിപ്പിക്കുന്ന ഷാജി എൻ കരുൺ അനുസ്മരണം. ഷാജി എൻ കരുണിന്റെ 'പിറവി' സിനിമ ഉച്ചകഴിഞ്ഞ് 3ന് പ്രദർശിപ്പിക്കും. അനുസ്മരണ സമ്മേളനം വൈകിട്ട് 5ന്. ശ്രീവത്സൻ ജെ. മേനോൻ മുഖ്യഭാഷണം നടത്തും.

**ഗോകുലം കൺവൻഷൻ സെന്റർ :** എൽകെ ഇന്റർനാഷണൽ ഷോർട്ട് ഫിലിം ഫെസ്റ്റിവൽ. അന്താരാഷ്ട്ര ചലച്ചിത്ര നിരൂപകൻ ഫിലിപ്പ് രാവിലെ 9.30ന് ഉദ്ഘാടനം ചെയ്യും. വൈകിട്ട് 6.30ന് അടൂർ ഗോപാലകൃഷ്ണൻ സമാപന ചടങ്ങ് ഉദ്ഘാടനം ചെയ്യും.

### കളമശ്ശേരി

**ഇടപ്പള്ളി ടോൾ എ.കെ.ജി സ്മാരക ഗ്രന്ഥശാല :** കേരള ശാസ്ത്രസാഹിത്യ പരിഷത്ത് ബാലവേദി കുട്ടികൾക്കായി വിനോദ വിജ്ഞാന ക്യാമ്പ് 'കൗതുകക്കൂട്' രാവിലെ 10 മണി മുതൽ.

**ഏലൂർ ഇലഞ്ഞിക്കൽ ഭഗവതി ക്ഷേത്രം :** പ്രതിഷ്ഠാദിന ഉത്സവം രാവിലെ 6ന്.

**കുഴിക്കാട്ട് കടവിൽ ഭഗതിക്ഷേത്രം :** പ്രതിഷ്ഠാ വാർഷിക ഉത്സവം തിരുവാതിരകളി, കൈകൊട്ടിക്കളി, നൃത്തനൃത്യങ്ങൾ.

### തൃപ്പൂണിത്തുറ

**തൃപ്പൂണിത്തുറ വടക്കേകോട്ട സെന്റ് ജോസഫ് പള്ളി :** വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ. ദിവ്യബലി രാവിലെ 6.30ന്, വൈകിട്ട് 5.30ന് തിരുനാൾ ദിവ്യബലി, ലദീഞ്ഞ്. ഫാ. ജെറോം ചമ്മണിക്കോടത്ത് മുഖ്യകാർമ്മികനാകും, വചനപ്രഘോഷണം ഫാ. ലിജോ ഓടത്തക്കൽ, വൈകിട്ട് 7ന് കാഞ്ഞിരപ്പിള്ളി അമല തീയറ്റേഴ്സ് അവതരിപ്പിക്കുന്ന നാടകം 'ഒറ്റ'.

### കോലഞ്ചേരി

**സൗത്ത് നെല്ലാട് മങ്ങാട്ടറ ഭദ്രകാളി ക്ഷേത്രം :** തിരുവുത്സവത്തിന്റെ ഭാഗമായി രാവിലെ 11ന് സർപ്പ പൂജ, വൈകിട്ട് 6 മണി മുതൽ കുട്ടികളുടെ വിവിധ കലാപരിപാടികൾ, തിരുവാതിര കളി, കലാ മണ്ഡലം അജു വിജയന്റെ പ്രമാണത്തിൽ പഞ്ചാരി മേളം, ഫ്യൂഷൻ തിരുവാതിരകളി, കൈകൊട്ടികളി.

### ഉദയംപേരൂർ

**കണ്ടനാട് ശിവാനന്ദപുരം ശ്രീസുബ്രഹ്മണ്യ സ്വാമി ക്ഷേത്രം :** പുനഃ പ്രതിഷ്ഠാ ചടങ്ങുകളുടെ ഭാഗമായി രാവിലെ 6.30 ന് ഗണപതിപൂജ, തുടർന്ന് താഴികക്കുട പ്രതിഷ്ഠ.

# യുവജനങ്ങൾ സഭയുടെയും സമൂഹത്തിന്റെയും ചാലകശക്തി : ബിഷപ്പ് ആന്റണി വാലുങ്കൽ



**കൊച്ചി:** യുവജനങ്ങൾ സഭയുടെയും സമൂഹത്തിന്റെയും ചാലക ശക്തികളാണെന്നും വിദ്യഭ്യാസപരമായ ഔന്നത്യത്തിനൊപ്പം സാമൂഹ്യ സേവനപ്രവർത്തനങ്ങൾക്കും യുവജനങ്ങൾ നേതൃത്വം നൽകണമെന്നും വരാപ്പുഴ രൂപത സഹായ മെത്രാൻ അഭി. ആന്റണി വാലുങ്കൽ പിതാവ് അഭിപ്രായപ്പെട്ടു. എറണാകുളം ആശിർഭവനിൽ കെ.സി.വൈ.എം സംസ്ഥാന സമിതിയുടെ പ്രവർത്തനവർഷ ഉദ്ഘാടനവും കർമ്മപദ്ധതി പ്രകാശനവും നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കെ.സി.വൈ.എം സംസ്ഥാന പ്രസിഡന്റ് ഷിബിൻ ഷാജി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കൊച്ചി കോർപറേഷൻ മേയർ അഡ്വ. മിനിമോൾ വി കെ SHE കേശദാന യജ്ഞത്തിന്റെ സംസ്ഥാന തല ഉദ്ഘാടനവും ലോഗോ പ്രകാശനവും നിർവഹിച്ചു.

കെ.സി.വൈ.എം സംസ്ഥാന ഡയറക്ടർ റവ. ഫാ. ഡിറ്റോ കൂള, ജനറൽ സെക്രട്ടറി കാസി പൂപ്പന, ആഗി മരിയ ജോസഫ്, സാം സണ്ണി, ജോയൽ ജോൺ റോയ്, ധന്യ മോഹൻരാജ്, സെഞ്ചു ജേക്കബ്, പ്രിൻസി പീറ്റർ, ജെൻസൺ ആൽബി, രാജീവ് പാട്രിക്, ഫാ. എബിൻ ജോസ് വാരിയത്ത് തുടങ്ങിയവർ സംസാരിച്ചു.

# അമൃത ആശുപത്രിയിൽ ദേശീയ ദ്വിദിന ശില്പശാല സംഘടിപ്പിച്ചു



**കൊച്ചി:** അമൃത ആശുപത്രിയിലെ സൈറ്റോജെനറ്റിക്സ് വിഭാഗം ഏപ്രിൽ 24, 25 തീയതികളിൽ രണ്ടുദിവസത്തെ ദേശീയ ഹാൻഡ്സ്- ഓൺ പരിശീലന വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഡോക്ടർമാരും ഗവേഷകരും വിദ്യാർത്ഥികളും പങ്കെടുത്തു.

അമൃത ഹോസ്പിറ്റൽസ് ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ ഡോ. പ്രേം നായർ ഉദ്ഘാടനം ചെയ്ത പരിപാടിയിൽ സൈറ്റോജെനറ്റിക്സ്, ക്ലിനിക്കൽ ജീനോമിക്സ് മേഖലകളിലെ നവീന സാങ്കേതികവിദ്യകളും ജനിതക രോഗ നിർണയ രീതികളും പരിചയപ്പെടുത്തി. ഡോ. വിദ്യാ തസാ, ഡോ. ഷീല നമ്പൂതിരി, ഡോ. നീരജ് സിദ്ധാർത്ഥൻ എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു. സൈറ്റോജെനറ്റിക്സ് മേഖലയുടെ അടിസ്ഥാന തത്വങ്ങളും വൈദ്യശാസ്ത്ര- ലബോറട്ടറി രംഗത്തെ പ്രായോഗികതയെയും കുറിച്ച് സൈറ്റോജെനറ്റിക്സ് വിഭാഗം മേധാവി ഡോ. വിദ്യ തസാ സംസാരിച്ചു.

കാര്യോടൈപ്പിംഗ്, ഫ്ലൂറോസെൻസ് ഇൻ സിറ്റു ഹൈബ്രിഡൈസേഷൻ (ഫിഷ്), മൈക്രോ അറേ തുടങ്ങിയ സാങ്കേതികവിദ്യകളിൽ പ്രായോഗിക പരിശീലനം നൽകി. ഡയഗ്നോസ്റ്റിക് കൃത്യത വർധിപ്പിക്കുന്നതിലും ആരോഗ്യരംഗത്തെ പുരോഗതിക്ക് പിന്തുണ നൽകുന്നതിലും പരിപാടി സഹായകമായതായി സംഘാടകർ അറിയിച്ചു.

# കാർഷിക മേഖലയ്ക്ക് നൂതന സാങ്കേതിക സംരംഭങ്ങളുമായി കേര അഗ്രി സ്റ്റാർട്ടപ്പ് ശില്പശാല

**കൊച്ചി:** കേരളത്തിലെ കർഷക സമൂഹം അനുദിനം നേരിടുന്ന വെല്ലുവിളികൾക്ക് ആധുനിക സാങ്കേതിക വിദ്യയുടെ പിന്തുണയോടെ പരിഹാരം കണ്ടെത്താനുള്ള ശ്രമത്തിന്റെ ഭാഗമായി എറണാകുളം പാർക്ക് സെൻട്രലിൽ നടത്തിയ അഗ്രി നെക്സ്റ്റ് സ്റ്റാർട്ടപ്പ് പ്രശ്ന നിർണ്ണയ ശില്പശാല ശ്രദ്ധേയമായി. ലോകബാങ്കിന്റെ സഹായത്തോടെ കൃഷി വകുപ്പ് നടപ്പിലാക്കുന്ന കേര പദ്ധതിയുടെ ഭാഗമായാണ് ശില്പശാല ഒരുക്കിയത്. കർഷകർ, ഫാർമർ പ്രൊഡ്യൂസർ കമ്പനികളുടെ പ്രതിനിധികൾ, ഗവേഷകർ, സംരംഭകർ, സ്റ്റാർട്ടപ്പ് ഉടമകൾ, ഉദ്യോഗസ്ഥർ എന്നിവർ ഒരുമിച്ചിരുന്ന് ആശയങ്ങൾ പങ്കുവച്ച വേദി കാർഷിക മേഖലയ്ക്ക് പുതിയൊരു പ്രതീക്ഷയായി മാറി. കൃഷിയിടങ്ങളിൽ കർഷകർ നേരിടുന്ന യഥാർത്ഥ പ്രശ്നങ്ങൾ കൃത്യമായി തിരിച്ചറിഞ്ഞ്, അവ ഏകീകൃത ഡിജിറ്റൽ ശേഖരത്തിൽ ക്രോഡീകരിച്ച്, ലഭ്യമായ സ്റ്റാർട്ടപ്പുകളുടെ സഹായത്തോടെ സാങ്കേതിക പരിഹാരങ്ങൾ വികസിപ്പിച്ചെടുക്കുകയായിരുന്നു ശില്പശാലയുടെ കാതലായ ലക്ഷ്യം. സംരംഭകർക്കും ഗവേഷകർക്കും പുതിയ ഉൽപ്പന്നങ്ങളും സാങ്കേതിക സംവിധാനങ്ങളും രൂപകൽപ്പന ചെയ്യാൻ ഭാവിയിൽ ആധികാരിക അടിസ്ഥാന വിവരശേഖരമായി ഈ ഡാറ്റാബേസ് മാറും. കേര പദ്ധതിയിലെ അഗ്രി ടെക്ക്




*കൃഷി വകുപ്പിന്റെ കേര പദ്ധതിയുടെ ഭാഗമായി കേരള സ്റ്റാർട്ടപ്പ് മിഷന്റെ സഹകരണത്തോടെ സംഘടിപ്പിച്ച കേര അഗ്രി സ്റ്റാർട്ടപ്പ് ശില്പശാലയിൽ സംസ്ഥാന പ്രൊക്യൂർമെന്റ് ഓഫീസർ സുരേഷ് സി.തമ്പി മുഖ്യ പ്രഭാഷണം നടത്തുന്നു.*

സ്റ്റാർട്ടപ്പ് വിഭാഗത്തിന് കീഴിലാണ് ഇത് സജ്ജമാക്കുന്നത്. വന്യജീവി ആക്രമണം, കാർഷികോൽപ്പന്നങ്ങളുടെ സംഭരണവും വിപണനവും, വിളകളുടെ സംസ്കരണവും മൂല്യവർദ്ധനവും, പൈൻ ആപ്പിൾ, റബ്ബർ, ജാതി തുടങ്ങിയ കൃഷികളിലെ വെല്ലുവിളികൾ, തൊഴിലാളി ക്ഷാമം, കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം, കീടരോഗ നിർണ്ണയം എന്നിങ്ങനെ വൈവിധ്യമാർന്ന വിഷയങ്ങൾ കർഷക പ്രതിനിധികൾ ചർച്ചയിൽ ഉന്നയിച്ചു. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അനുയോജ്യമായ നൂതന ആശയങ്ങൾ സ്റ്റാർട്ടപ്പുകൾക്ക് സമർപ്പിക്കാം. മികച്ച ആശയങ്ങൾക്ക് കേര പദ്ധതിയിൽ ഉൾപ്പെടുത്തി കേരള സ്റ്റാർട്ടപ്പ് മിഷൻ വഴി ഫിംഗ് ഉറപ്പുവരുത്തും. സംസ്ഥാനത്തു ഇത്തരത്തിൽ നടത്തുന്ന അഞ്ചാമത്തെ ശില്പശാലയാണിത്. കേര തൃശൂർ റീജ്യണൽ പ്രൊജക്റ്റ് ഡയറക്ടർ ഉണ്ണിരാജ. പി യുടെ അധ്യക്ഷതയിൽ ചേർന്ന ചടങ്ങിൽ കേര എസ്.പി.എം.യു. പ്രൊക്യൂർമെന്റ് ഓഫീസർ സുരേഷ് സി തമ്പി മുഖ്യ പ്രഭാഷണം നടത്തി പദ്ധതി വിശദീകരിച്ചു. കൃഷി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സുധീശൻ വി. പി, കേരള കാർഷിക സർവ്വകലാശാലയുടെ വൈറ്റില നെല്ലുഗവേഷണകേന്ദ്രം മേധാവി ഡോ.ശ്രീലത എ. കെ, കേര എസ്.പി.എം.യു. കൃഷി ഓഫീസർ (പ്ലാന്റേഷൻ & എം.എസ്.എം.ഇ) പി. എം. വിഷ്ണു നാരായണൻ, കേരള സ്റ്റാർട്ടപ്പ് മിഷൻ പ്രോഗ്രാം ഹെഡ് അശോക് കുര്യൻ പഞ്ഞിക്കാരൻ, വി. എഫ് .പി.സി. കെ എറണാകുളം ജില്ലാ മാനേജർ മഞ്ജുഷ. എസ് എന്നിവർ ചടങ്ങിൽ സംസാരിച്ചു. കേര പ്രോജക്ട് ടെക്നിക്കൽ സ്പെഷ്യലിസ്റ്റ് ശ്രീബാല അജിത്ത് സ്വാഗതവും, കേര ഡെപ്യൂട്ടി റീജ്യണൽ പ്രൊജക്റ്റ് ഡയറക്ടർ ജോൺ ജോസഫ് തേറാട്ടിൽ നന്ദിയും പറഞ്ഞു.

# വോട്ടെണ്ണൽ ഉദ്യോഗസ്ഥരുടെ ആദ്യഘട്ട റാൻഡമൈസേഷൻ പൂർത്തിയായി

**കൊച്ചി:** നിയമസഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ നടപടികൾക്കായി കൗിങ് സൂപ്പർവൈസർമാർ, കൗണ്ടിങ് അസിസ്റ്റന്റുമാർ, മൈക്രോ ഒബ്സർവർമാർ എന്നിവരെ നിയമിക്കുന്നതിനുള്ള ആദ്യഘട്ട റാൻഡമൈസേഷൻ നടപടികൾ പൂർത്തിയായി. കാക്കനാട് കളക്ടറുടെ ചേംബറിൽ ജില്ലാ കളക്ടർ ജി. പ്രിയങ്ക നടപടികൾക്ക് നേതൃത്വം നൽകി.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 'ഓർഡർ പോർട്ടൽ' വഴിയാണ് നിയമന നടപടികൾ ഏകോപിപ്പിക്കുന്നത്. ആദ്യഘട്ട റാൻഡമൈസേഷനിൽ 30 ശതമാനം റിസർവ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയാണ് പട്ടിക തയ്യാറാക്കിയിരിക്കുന്നത്. രണ്ടാംഘട്ട റാൻഡമൈസേഷൻ പൂർത്തിയാകുന്നതോടെ ഇത് 20 ശതമാനമായി കുറയും.



*വോട്ടെണ്ണൽ ജോലികൾക്ക് നിയമിക്കുന്ന ഉദ്യോഗസ്ഥരുടെ ആദ്യഘട്ട റാൻഡമൈസേഷന് ജില്ലാ കളക്ടർ ജി പ്രിയങ്ക നേതൃത്വം നൽകുന്നു*

ആദ്യഘട്ട റാൻഡമൈസേഷൻ പ്രകാരം ഇലക്ട്രോണിക് വോട്ടിങ് മെഷീനുകളിലെ വോട്ടുകൾ എണ്ണുന്നതിനായി ഓരോ വിഭാഗത്തിലും (സൂപ്പർവൈസർമാർ, അസിസ്റ്റന്റുമാർ, മൈക്രോ ഒബ്സർവർമാർ) 266 പേരെ വീതം നിയോഗിച്ചു. തപാൽ വോട്ടുകൾ എണ്ണുന്നതിനായി 115 കൗണ്ടിങ് സൂപ്പർവൈസർമാരെയും 216 കൗണ്ടിങ് അസിസ്റ്റന്റുമാരെയും 115 മൈക്രോ ഒബ്സർവർമാരെയുമാണ് നിശ്ചയിച്ചിരിക്കുന്നത്. ഇതോടെ ജില്ലയിലാകെ വോട്ടെണ്ണൽ ജോലികൾക്കായി 381 കൗണ്ടിങ് സൂപ്പർവൈസർമാരും 482 അസിസ്റ്റന്റുമാരും 381 മൈക്രോ ഒബ്സർവർമാരും ഉൾപ്പെടെ വിപുലമായ ഉദ്യോഗസ്ഥനിര സജ്ജമായി.

ഓർഡർ പോർട്ടലിൽ നിന്നും നിയമന ഉത്തരവുകൾ ഡൗൺലോഡ് ചെയ്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

നിയമനം ലഭിച്ച ഉദ്യോഗസ്ഥർക്ക് സ്വന്തം മൊബൈൽ നമ്പർ ഉപയോഗിച്ച് പോർട്ടലിൽ ലോഗിൻ ചെയ്ത് നേരിട്ടും ഉത്തരവുകൾ ഡൗൺലോഡ് ചെയ്യാവുന്നതാണ്. നിയമനം ലഭിച്ച എല്ലാ ഉദ്യോഗസ്ഥർക്കും ഉത്തരവുകൾ ലഭിച്ചിട്ടുണ്ടെന്ന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതുണ്ട്.

തിരഞ്ഞെടുക്കപ്പെട്ട വോട്ടെണ്ണൽ ഉദ്യോഗസ്ഥർക്കുള്ള പരിശീലനം ഏപ്രിൽ 29 മുതൽ കാക്കനാട് സിവിൽ സ്റ്റേഷനിൽ ആരംഭിക്കും. വോട്ടെണ്ണൽ നടപടികൾ സുതാര്യവും കൃത്യതയുള്ളതുമാക്കുന്നതിനായുള്ള എല്ലാ സജ്ജീകരണങ്ങളും ജില്ലാ ഭരണകൂടം പൂർത്തിയാക്കിയിട്ടുണ്ടെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

വോട്ടെണ്ണൽ ജോലികൾക്ക് നിയമിക്കുന്ന ഉദ്യോഗസ്ഥരുടെ ആദ്യഘട്ട റാൻഡമൈസേഷന് ജില്ലാ കളക്ടർ ജി പ്രിയങ്ക നേതൃത്വം നൽകുന്നു.

# ഓൺലൈൻ വ്യാപാരം സർക്കാർ നിയന്ത്രിക്കണം: രാജു അപ്സര

## *പള്ളുരുത്തി വ്യാപാര ഭവൻ ഉദ്ഘാടനം ചെയ്തു



*കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പള്ളുരുത്തി യൂണിറ്റ് വ്യാപാര ഭവൻ ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സര ഉദ്ഘാടനം ചെയ്യുന്നു. കെ.പി ജെയിൻ, രാമഭദ്രൻ, വി. എ ശ്രീജിത്ത്, കെ. ബാബു എംഎൽഎ, കെ.ജെ മാക്സി എംഎൽഎ, പി.സി ജേക്കബ്ബ്, ജിമ്മി ചക്യത്ത്, പി. സി സുനിൽകുമാർ, ഡിലൈറ്റ് പോൾ, സി.എസ് രാമചന്ദ്രൻ, എം. സി പോൾസൺ, മുൻസീർ, ടി.എം ഇബ്രാഹിം, കെ.ടി ജോയി തുടങ്ങിയവർ സമീപം.*

**കൊച്ചി:** കുത്തക ഭീമന്മാരായ ആമസോൺ, ഫ്ളിപ്കാർട്ട് തുടങ്ങിയഓൺലൈൻ പ്ലാറ്റ്ഫോമുകൾക്ക് സർക്കാർ നിയന്ത്രണം ഏർപ്പെടുത്തണമെന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സര ആവശ്യപ്പെട്ടു. കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പള്ളുരുത്തി യൂണിറ്റിന്റെ നേതൃത്വത്തിൽ പുതുതായി നിർമ്മിച്ച വ്യാപാര ഭവൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിൽ 20 ലക്ഷത്തോളം പേർ സ്വയം തൊഴിൽ ചെയ്യുന്നതും തൊഴിലാളികൾ അടക്കം ഒന്നരക്കോടിയോളം പേരുടെ ഉപജീവന മാർഗ്ഗവുമാണ് കേരളത്തിലെ വ്യാപാര മേഖല. ഓൺലൈൻ വ്യാപാരത്തിന് നിയന്ത്രണം ഏർപ്പെടുത്തിയാൽ മാത്രമെ കേരളം വ്യാപാര സൗഹൃദമാകുകയുള്ളുവെന്നും രാജു അപ്സര പറഞ്ഞു. വ്യാപാര മേഖല തകർന്നാൽ തൊഴിലില്ലായ്മ രൂക്ഷമായി കേരളം വലിയ തകർച്ച നേരിടേണ്ടിവരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പള്ളുരുത്തി യൂണിറ്റ് പ്രസിഡന്റ് പി. സി സുനിൽകുമാർ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കെ.ജെ മാക്സി എം.എൽ.എ സമ്മേളനം ഉദ്ഘാടനവും കെ.ബാബു എം.എൽ.എ ഓഡിറ്റോറിയം ഉദ്ഘാടനവും ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റും എറണാകുളം ജില്ലാ പ്രസിഡന്റുമായ പി.സി ജേക്കബ്ബ് കോൺഫ്രൻസ് ഹാൾ ഉദ്ഘാടനവും കൊച്ചി നഗരസഭ പ്രതിപക്ഷ നേതാവ് വി. എ ശ്രീജിത്ത് സുവനീർ പ്രകാശനവും നിർവ്വഹിച്ചു.

റിട്ട. എസ്.പി രാമഭദ്രൻ, ഏകോപന സമിതി ജില്ലാ ജനറൽ സെക്രട്ടറി സി. എസ് രാമചന്ദ്രൻ, ജില്ലാ വർക്കിംഗ് പ്രസിഡന്റ് ജിമ്മി ചക്യത്ത്, ജില്ലാ വൈസ് പ്രസിഡന്റുമാരായ എം. സി പോൾസൺ, ഡിലൈറ്റ് പോൾ, സെക്രട്ടറി കെ.ടി ജോയ്, യൂണിറ്റ് ജനറൽ സെക്രട്ടറി കെ.പി ജെയിൻ, ട്രഷറർ ടി.എം ഇബ്രാഹിം, യൂത്ത് വിംഗ് മണ്ഡലം പ്രസിഡന്റ് മുൻസീർ തുടങ്ങിയവർ സംസാരിച്ചു.

# വാഹനം വാടകയ്ക്ക്: ക്വട്ടേഷൻ ക്ഷണിച്ചു

**ആലപ്പുഴ:** ആലപ്പുഴ കളക്ടറേറ്റിലേയ്ക്ക് ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് നാല് വാഹനങ്ങൾ വാടകയ്ക്ക് നൽകുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു.

നാലു മുതൽ ആറു വരെ പേർക്ക് സഞ്ചരിക്കാവുന്ന വാഹനമാണ് ആവശ്യം. മെയ് നാലിന് വൈകിട്ട് മൂന്ന് മണി വരെ ആലപ്പുഴ ജില്ലാ കളക്ടറുടെ വിലാസത്തിൽ ക്വട്ടേഷൻ നൽകാം.

# മേഴ്സി ചാൻസ് പരീക്ഷ

**തിരുവനന്തപുരം** :ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ 2010/2011 സ്കീമിൽ നടത്തിയ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, ഡിപ്ലോമ ഇൻ ഡാറ്റാ എൻട്രി ടെക്നിക്സ് ആന്റ് ഓഫീസ് ഓട്ടോമേഷൻ, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സുകളുടെ മേഴ്സി ചാൻസ് പരീക്ഷകൾ ജൂണിൽ നടക്കും.


വിദ്യാർത്ഥികൾക്ക് പഠിച്ചിരുന്ന സെന്ററുകളിൽ മെയ് 11 വരെ ഫൈൻ കൂടാതെയും മെയ് 15 വരെ 100 രൂപ ഫൈനോടുകൂടിയും പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാം.

പരീക്ഷാ ടൈംടേബിൾ മേയ് മൂന്നാം വാരത്തിൽ പ്രസിദ്ധീകരിക്കും. രജിസ്ട്രേഷനുള്ള അപേക്ഷാഫോം സെന്ററിൽ നിന്നും ലഭ്യമാണ്. വിശദവിവരങ്ങൾക്ക്: www.ihrd.ac.in.

# എഐക്ക് ഹിറ്റ് സിനിമ പ്രവചിക്കാനാകുമോ? ‘കലെസിയോ’യുമായി മലയാളി സംരംഭകൻ

**കൊച്ചി:** സിനിമ ഹിറ്റാകുമോ എന്ന് എഐ പറയുന്ന കാലവും വരികയായി. ഇതിനായി ആഗോള സിനിമ മേഖലയിലേക്ക് പുതിയ എ. ഐ സാങ്കേതിക വിദ്യയുമായി മലയാളി സംരംഭകൻ. കൊച്ചി സ്വദേശിയായ ആദിത് കളത്തിൽ ബോസ് ന്യൂസീലൻഡിലെ ടൗറംഗയിൽ നിന്നാണ് ‘കലെസിയോ’ എന്ന എഐ പ്ലാറ്റ്ഫോം പുറത്തിറക്കിയത്. സിനിമ സ്ക്രിപ്റ്റുകൾക്ക് പ്രേക്ഷക പ്രതികരണം മുൻകൂട്ടി വിലയിരുത്തുന്ന സംവിധാനമാണിത്. സിനിമയാകുന്നതിന് മുൻപേ ഒരു കഥ പ്രേക്ഷകർ എങ്ങനെ സ്വീകരിക്കും എന്ന് എഐ വിലയിരുത്തും. ലോകത്തിൽ ഇത്തരത്തിലുള്ള ആദ്യത്തെ പ്ലാറ്റ്ഫോമാണിത്. നാളിതുവരെ സിനിമാ റിലീസിന് ശേഷമാണ് തിരക്കഥയിലെ പുതുമ, ഉദ്വേഗജനകമായ നിമിഷങ്ങൾ, സംഭാഷണങ്ങൾ, ദൃശ്യാവിഷ്കാര ശൈലി തുടങ്ങിയവ പ്രേക്ഷകാനുഭവം, അനുഭൂതി എന്നിങ്ങനെ വിവിധ ഘടകങ്ങൾ മുൻ നിർത്തി വിജയപരാജയ സാധ്യതകൾ നിർണ്ണയിച്ചിരുന്നത്. ഇവിടെയാണ് കലെസിയോ പുതിയ വഴി തുറക്കുന്നത്. എഴുത്തുകാർക്കും സംവിധായകർക്കും നിർമ്മാതാക്കളും സ്ക്രിപ്റ്റ് അപ്‌ലോഡ് ചെയ്യാം. തുടർന്ന് 10,000 വരെ എഐ പ്രേക്ഷകർ അത് ദൃശ്യാവിഷ്കാരമായി ‘കണ്ട് ’ വിലയിരുത്തും. സ്ക്രിപ്റ്റുകളുടെ സ്വകാര്യതയും പകർപ്പവകാശവും ഉറപ്പാക്കുന്ന സുരക്ഷാ സംവിധാനങ്ങളോടെയാണ് കലെസിയോ പ്രവർത്തിക്കുന്നതെന്ന് ആദിത്ത് പറഞ്ഞു. അപ്‌ലോഡ് ചെയ്യുന്ന സ്ക്രിപ്റ്റുകൾക്ക് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റും ഇതിൽ നൽകുന്നുണ്ട്. പ്രായം, പ്രദേശം, അഭിരുചി എന്നിവയിൽ വ്യത്യാസമുള്ളവരാണ് എ. ഐ പ്രേക്ഷകർ. ഇവർ കഥയോട് പ്രതികരിക്കും. പരസ്പരം സ്വാധീനിക്കും. യഥാർത്ഥ പ്രേക്ഷക പെരുമാറ്റം പോലെ പ്രതികരണം രൂപപ്പെടും. അവസാനം ‘ഗ്രീൻലൈറ്റ് റിപ്പോർട്ട്’ ലഭിക്കും. പ്രതികരണം, സ്കോർ, പ്രേക്ഷക വിഭാഗങ്ങൾ എന്നിവ വിശദമായി ലഭിക്കും. പ്രദേശവും ഭാഷയും പ്രായവും അനുസരിച്ച് പ്രേക്ഷക പ്രതികരണം മാറുന്നത് ഉൾക്കൊണ്ടാണ് ഇത്തരം സംവിധാനത്തിന്റെ പ്രവർത്തനമെന്ന് ആദിത് ബോസ് പറഞ്ഞു. ഉദാഹരണത്തിന് മലയാള സിനിമ പ്രേക്ഷകരുടെ യാഥാർത്ഥ്യബോധം, അഭിനയത്തെ സംബന്ധിച്ച സൂക്ഷ്മ നിരീക്ഷണം, ഇവിടുത്തെ സാമൂഹിക പശ്ചാത്തലങ്ങൾ എന്നിവ സമന്വയിക്കുന്ന മനസ്സാണ് എ. ഐ പ്രേക്ഷകർക്കുള്ളത്. മലയാളി പ്രേക്ഷകർ എങ്ങനെ പ്രതികരിക്കും എന്ന് കലെസിയോ മോഡൽ ചെയ്യുന്നു. അഭിപ്രായങ്ങൾ കൈമാറുന്നു. വിലയിരുത്തലുകൾ നടക്കുന്നു. ഇതിലൂടെ സാധാരണ പ്രവചനങ്ങളിൽ നിന്ന് വിഭിന്നമായി കേരളത്തിൽ ഒരു കഥ എങ്ങനെ സ്വീകരിക്കപ്പെടും എന്ന് മനസ്സിലാക്കാനുള്ള എ. ഐ ടൂളാണിതെന്ന് അദ്ദേഹം പറഞ്ഞു. മലയാള സിനിമയിൽ തുടങ്ങുന്ന കലെസിയോ പിന്നീട് ഹിന്ദി, തമിഴ്, തെലുങ്ക് സിനിമാ മേഖലകളിലേക്ക് വ്യാപിപ്പിക്കാനാണ് പദ്ധതി.




# സ്ത്രീകളിലെ ഹോർമോൺ വ്യതിയാനങ്ങൾ: ഹോമിയോപ്പതിയുടെ സമഗ്ര സമീപനം



*ഡോ. എ. നസ്റിൻ (ഇന്ത്യൻ ഹോമിയോപതിക് മെഡിക്കൽ അസോസിയേഷൻ സംസ്ഥാന വുമൺസ് വിംഗ് ചെയർപേഴ്സൺ)*

**സ്**ത്രീകളുടെ ആരോഗ്യത്തിൽ ഹോർമോണുകൾ നിർണായക പങ്ക് വഹിക്കുന്നു. ഈസ്ട്രജൻ, പ്രൊജസ്റ്ററോൺ തുടങ്ങിയ ഹോർമോണുകളുടെ സമതുലിതാവസ്ഥയിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ ശരീരത്തെയും മനസ്സിനെയും ഗൗരവമായി ബാധിക്കാം. ഇന്നത്തെ ജീവിതശൈലിയിൽ വന്ന മാറ്റങ്ങൾ കാരണം ഇത്തരം പ്രശ്നങ്ങൾ കൂടുതൽ വ്യാപകമായി കാണപ്പെടുന്നു. പ്യൂബർട്ടി, ആർത്തവം, ഗർഭധാരണം, മെനോപ്പോസ് എന്നീ ജീവിതഘട്ടങ്ങളിലൂടെ സ്ത്രീകൾ സ്വാഭാവികമായ ഹോർമോൺ മാറ്റങ്ങൾ അനുഭവിക്കുന്നു. എന്നാൽ ഈ മാറ്റങ്ങൾ അസന്തുലിതമാകുമ്പോൾ ആർത്തവ ക്രമക്കേടുകൾ, അമിത രക്തസ്രാവം, മുഖക്കുരു, മുടികൊഴിച്ചിൽ, ഭാരം വർധിക്കൽ, മാനസിക അസ്വസ്ഥത എന്നിവ പോലുള്ള പ്രശ്നങ്ങൾ ഉണ്ടാകാം. ചില സാഹചര്യങ്ങളിൽ ഇത് PCOS, തൈറോയ്ഡ് സംബന്ധമായ രോഗങ്ങൾ എന്നിവയിലേക്ക് നയിക്കാനും സാധ്യതയുണ്ട്. ഹോർമോൺ അസന്തുലിതാവസ്ഥയ്ക്ക് പ്രധാനമായും ജീവിതശൈലിയുമായി ബന്ധപ്പെട്ട കാരണങ്ങളാണ് അടിസ്ഥാനം. മാനസിക സമ്മർദ്ദം, വ്യായാമക്കുറവ്, അസന്തുലിതമായ ഭക്ഷണരീതി, ഉറക്കക്കുറവ് എന്നിവ ഇതിൽ പ്രധാന പങ്ക് വഹിക്കുന്നു. ഇത്തരത്തിലുള്ള പ്രശ്നങ്ങളിൽ ഹോമിയോപ്പതി ഒരു സമഗ്രവും വ്യക്തിനിഷ്ഠവുമായ ചികിത്സാരീതിയാണ്. രോഗിയുടെ ശാരീരിക ലക്ഷണങ്ങൾക്കൊപ്പം മാനസികാവസ്ഥയും വ്യക്തിത്വവും പരിഗണിച്ച്, ഹോർമോൺ അസന്തുലിതാവസ്ഥയുടെ മൂലകാരണത്തെ കണ്ടെത്തി ശരീരത്തിന്റെ സ്വാഭാവിക സമതുലിതാവസ്ഥ പുനഃസ്ഥാപിക്കുന്നതാണ് ഹോമിയോപ്പതിയുടെ ലക്ഷ്യം. PCOS, ആർത്തവ ക്രമക്കേടുകൾ,



പ്രീമെൻസ്ട്രുവൽ സിൻഡ്രോം (PMS), മെനോപ്പോസുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവയിൽ ഹോമിയോപ്പതി ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നു. ദീർഘകാല മരുന്നുകളുടെ പാർശ്വഫലങ്ങൾ കുറയ്ക്കാനും, ശരീരത്തിന്റെ സ്വാഭാവിക പ്രതിരോധശേഷി വർധിപ്പിക്കാനും ഇത് സഹായകരമാണ്.

ആരോഗ്യകരമായ ജീവിതശൈലി, മാനസിക സമതുലി



താവസ്ഥ, ശരിയായ ചികിത്സ എന്നിവയിലൂടെ ഹോർമോൺ വ്യതിയാനങ്ങളെ ഫലപ്രദമായി നിയന്ത്രിക്കാം. സ്ത്രീകളുടെ സമഗ്ര ആരോഗ്യസംരക്ഷണത്തിൽ ഹോമിയോപ്പതിയുടെ പങ്ക് ദിനംപ്രതി കൂടുതൽ പ്രാധാന്യമാർജ്ജിച്ചുകൊണ്ടിരിക്കുന്നു.

# കൊച്ചിയിൽ ആദ്യത്തെ 'മെഗാ മൈലേജ് ചലഞ്ച്' നടത്തി യമഹ







**കൊച്ചി:** ഇന്ത്യ യമഹ മോട്ടോർ (ഐവൈഎം) പ്രൈവറ്റ് ലിമിറ്റഡ് കൊച്ചിയിൽ എഫ്‌സെഡ്-എസ് എഫ്ഐ ഹൈബ്രിഡ് മോട്ടോർസൈക്കിളിനും 125 സിസി എഫ്ഐ ഹൈബ്രിഡ് സ്കൂട്ടറുകളായ ഫാസിനോ, റേസെഡ്ആർ എന്നിവയ്ക്കുമായി മെഗാ മൈലേജ് ചലഞ്ച് സംഘടിപ്പിച്ചു. നഗര റോഡുകൾ, നഗര ട്രാഫിക്, കൂടാതെ തുറന്ന സ്‌റ്റ്രെച്ചുകൾ എന്നിവ ഉൾപ്പെടുന്ന ക്യൂറേറ്റ് ചെയ്ത റൂട്ടിൽ മോട്ടോർസൈക്കിളുകൾക്കായി ഏകദേശം 60 കിലോമീറ്ററും സ്കൂട്ടറുകൾക്കായി 35 കിലോമീറ്ററുമായിരുന്നു ചലഞ്ച്. മോട്ടോർസൈക്കിൾ വിഭാഗത്തിൽ ലിറ്ററിന് 93.2 കിലോമീറ്റർ മൈലേജ് കൈവരിച്ച അമൽ യു എസും സ്ക്കൂട്ടർ വിഭാഗത്തിൽ 96.3 കിലോമീറ്റർ മൈലേജ് കൈവരിച്ച അമൽ, നിത എന്നിവരുമാണ് ജേതാക്കൾ. വിജയികൾക്ക് ട്രോഫിയും സർട്ടിഫിക്കറ്റും സമ്മാനിച്ചു.

സ്മാർട്ട് മോട്ടോർ ജനറേറ്റർ (എസ്എംജി) സിസ്റ്റം ഉൾപ്പെടുന്ന യമഹയുടെ ഹൈബ്രിഡ് സാങ്കേതികവിദ്യ സാധ്യമാക്കുന്ന ശ്രദ്ധേയമായ ഇന്ധനക്ഷമതയുടെ നേട്ടങ്ങളെക്കുറിച്ച് ഉപഭോക്താക്കളെ ബോധവൽക്കരിക്കുന്നതിനാണ് ഇത് ലക്ഷ്യമിടുന്നത്. അംഗീകൃത ഡീലർഷിപ്പുകളായ വിജയഗിരി ഓട്ടോ ഏജൻസീസ്, പെരിങ്ങാട്ട് മോട്ടോഴ്സ്, ഇൻഡൽ ഓട്ടോമോട്ടീവ്സ്, ശ്രീ വിഘ്നേശ്വര മോട്ടോഴ്സ് എന്നിവരുമായി സഹകരിച്ച് നടത്തിയ ഈ പരിപാടിയിൽ യമഹ ഉപഭോക്താക്കളിൽ നിന്നും അവരുടെ കുടുംബാംഗങ്ങളിൽ നിന്നും ആവേശകരമായ പങ്കാളിത്തമാണ് ഉണ്ടായത്.

## ഐ.ഐ.ബി.പി.എ.ആർ.സി ത്രൈവാർഷിക ദേശീയ സമ്മേളനത്തിന് ഇന്ന് തുടക്കം

**കൊച്ചി:** ഓൾ ഇന്ത്യ ബാങ്ക് പെൻഷനേഴ്സ് ആൻഡ് റിട്ടയേറീസ് കോൺഫെഡറേഷൻ (ഐ.ഐ.ബി.പി.എ.ആർ.സി ) യുടെ അഞ്ചാമത് ത്രൈവാർഷിക ദേശീയ സമ്മേളനം ഇന്നും നാളെയും എറണാകുളം ടൗൺ ഹാളിൽ നടക്കുമെന്ന് സംഘാടക സമിതി ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. AIBPARC, കോഡിനേഷൻ ഓഫ് ബാങ്ക് പെൻഷനേഴ്സ് ആൻഡ് റിട്ടയീസ് ഓർഗനൈസേഷൻസ് എന്ന ഏകോപന സമിതിയിലെ ഏറ്റവും വലിയ ഘടകങ്ങളിൽ ഒന്നാണ് ഐ.ഐ.ബി.പി.എ.ആർ.സി. ഫെഡറേഷൻ ഓഫ് എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻസിനൊപ്പം ചേർന്ന് ബാങ്ക് പെൻഷൻകാരുടെയും വിരമിച്ച ജീവനക്കാരുടെയും ദീർഘകാലമായി നിലനിൽക്കുന്ന വിവിധ ആവശ്യങ്ങൾക്കായി സംഘടന ശക്തമായി പ്രവർത്തിച്ചുവരികയാണ്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ഏകദേശം ആയിരത്തോളം മുതിർന്ന പൗരന്മാരായ പ്രതിനിധികൾ ഈ ദ്വിദിന സമ്മേളനത്തിൽ പങ്കെടുക്കും. കൂടാതെ ഓപ്പൺ സെഷനിൽ മൂവായിരത്തിലധികം പെൻഷൻകാർ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇന്ന് രാവിലെ 9.30ന്, ഐ.ഐ.ബി.പി.എ.ആർ.സി ദേശീയ പ്രസിഡന്റ് കെ.വി ആചാര്യ പതാക ഉയർത്തി സമ്മേളനത്തിന് തുടക്കം കുറിക്കും. തുടർന്ന് പ്രതിനിധി സമ്മേളനം ആരംഭിക്കും. വൈകുന്നേരം നാലിന് സെന്റ് ആൽബർട്ട്സ് കോളേജ് പരിസരത്ത് നിന്ന് ആരംഭിക്കുന്ന റാലി എറണാകുളം ടൗൺഹാളിൽ സമാപിക്കും. തുടർന്ന് റിട്ട. ജസ്റ്റിസ് വി ജി അരുൺ സമ്മേളനം ഉദ്ഘാടനം ചെയ്യും.

# കെപിഎല്ലിൽ അവസാന ഗ്രൂപ്പ് മത്സരത്തിനൊരുങ്ങി കാലിക്കറ്റ് എഫ്സി

## *എതിരാളികൾ കേരള ബ്ലാസ്റ്റേഴ്സ് എഫ്സി

**കോഴിക്കോട്:** കേരള പ്രീമിയർ ലീഗ് 2025-26 സീസണിലെ ഗ്രൂപ്പ് ഘട്ടത്തിലെ അവസാന മത്സരത്തിനൊരുങ്ങി കാലിക്കറ്റ് എഫ്സി. ഇന്ന് രാത്രി 7:00ന് തൃശൂർ കോർപറേഷൻ സ്റ്റേഡിയത്തിൽ നടക്കുന്ന മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സ് എഫ്സിയാണ് എതിരാളികൾ. കഴിഞ്ഞ മത്സരത്തിൽ ഗ്രൂപ്പ് ജേതാക്കളായ ഇഎംഇഎ കോളേജിനെ മറുപടിയില്ലാത്ത രണ്ട് ഗോളുകൾക്ക് തകർത്തതിന്റെ ആത്മവിശ്വാസത്തിലാണ് ടീം ഇന്ന് ഇറങ്ങുന്നത്. ഈ മത്സരത്തിലേക്കുള്ള പ്രവേശനം സൗജന്യമാണ്.

നിലവിൽ അഞ്ച് മത്സരങ്ങളിൽ നിന്ന് മൂന്ന് ജയവും ഒരു സമനിലയും ഒരു തോൽവിയുമായി കാലിക്കറ്റ് എഫ്സി പോയിന്റ് പട്ടികയിൽ രണ്ടാം സ്ഥാനത്താണ്. കൂടാതെ, കഴിഞ്ഞ മത്സരത്തിലെ ജയത്തോടെ ടീം സൂപ്പർ 8-ലേക്കുള്ള യോഗ്യത നേരത്തെ തന്നെ ഉറപ്പിച്ചിരുന്നു. കേരള ബ്ലാസ്റ്റേഴ്സ് ആകട്ടെ, അഞ്ച് മത്സരങ്ങളിൽ നിന്ന് ഒരു ജയവും രണ്ട് സമനിലയും രണ്ട് തോൽവിയുമായി ഗ്രൂപ്പിൽ ആറാം സ്ഥാനത്താണ്.

ഈ മത്സരത്തിൽ ജയിച്ച് മൂന്ന് പോയിന്റ് നേടാനും, പട്ടികയിൽ രണ്ടാം സ്ഥാനത്തെത്തി ഗ്രൂപ്പ് ഘട്ടം പൂർത്തിയാക്കാനുമാണ് ബിബി തോമസിന്റെ നേതൃത്വത്തിലുള്ള ടീം ലക്ഷ്യമിടുന്നത്. കഴിഞ്ഞ മത്സരത്തിൽ രണ്ടാം സ്ഥാനക്കാരായ റിയൽ മലബാറിനെ പരാജയപ്പെടുത്തിയാണ് കേരള ബ്ലാസ്റ്റേഴ്സ് ഈ അവസാന അങ്കത്തിനെത്തുന്നത്.

ഗ്രൂപ്പ് ഘട്ടത്തിൽ എട്ട് ഗോളുകൾ നേടിയ കാലിക്കറ്റ് എഫ്സി വഴങ്ങിയത് രണ്ട് ഗോളുകൾ മാത്രമാണ്. ലീഗിലെ രണ്ട് ഗ്രൂപ്പുകളിലുമായി നിലവിൽ ഏറ്റവും കുറവ് ഗോളുകൾ വഴങ്ങിയ, മനോജ് നയിക്കുന്ന ടീമിന്റെ പ്രതിരോധ നിര ശക്തമാണ്.

# കാഫിറ്റ് പ്രീമിയർ ലീഗ് ബീച്ച് ക്രിക്കറ്റ്: അയോകോഡ്, ഈസിനെർജി ചാമ്പ്യന്മാർ



**കോഴിക്കോട്:** കാലിക്കറ്റ് ഫോറം ഫോർ ഐടി ഗവ. സൈബർപാർക്കിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച ബീച്ച് ക്രിക്കറ്റ് ടൂർണമെന്റായ കാഫിറ്റ് പ്രീമിയർ ലീഗിൽ പുരുഷ വിഭാഗത്തിൽ അയോകോഡും വനിതാ വിഭാഗത്തിൽ ഈസിനർജിയും ചാമ്പ്യന്മാരായി. ടൗൺ ബീച്ചിൽ മൂന്ന് ദിവസങ്ങളിലായി നടന്ന ടൂർണമെന്റിൽ ആകെ 35 ഐടി കമ്പനികളിൽ നിന്നുള്ള ടീമുകളാണ് മാറ്റുരച്ചത്. ഇതിൽ വനിതാ വിഭാഗത്തിൽ 6 ടീമുകളും പുരുഷ വിഭാഗത്തിൽ 29 ടീമുകളും പങ്കെടുത്തു. ലീഗ്, സെമി മത്സരങ്ങളിലെ തകർപ്പൻ പ്രകടനത്തിനൊടുവിൽ സൈബ്രോസിസും അയോകോഡുമാണ് പുരുഷ വിഭാഗത്തിൽ ഫൈനലിലെത്തിയത്. ആദ്യം ബാറ്റ് ചെയ്ത സൈബ്രോസിസ് നിർദ്ദിഷ്ട എട്ടോവറിൽ അതുൽ രാജിന്റെ തകർപ്പൻ പ്രകടനത്തിലൂടെ (31 പന്തിൽ 77 റൺസ്) 114 റൺസ് അടിച്ചു കൂട്ടി. മറുപടി ബാറ്റിങ്ങിനിറങ്ങിയ അയോക്കോഡ് ആറ് പന്തുകൾ ബാക്കി നിൽക്കെ 3 വിക്കറ്റ് നഷ്ടത്തിൽ 120 റൺസ് നേടി ആവേശകരമായ വിജയത്തോടെ ചാമ്പ്യന്മാരായി. അയോക്കോഡിനായി വിധു പ്രസാദ് 21 പന്തിൽ 65 റൺസ് നേടി (9 സിക്സർ, 1 ഫോർ) ടീമിനെ വിജയത്തിലേക്ക് നയിച്ചു. ഫൈനലിലെ പ്ലെയർ ഓഫ് ദി മാച്ചായി വിധു പ്രസാദ് തിരഞ്ഞെടുക്കപ്പെട്ടു. പ്ലെയർ ഓഫ് ദി ടൂർണമെന്റായി അയോക്കോഡിലെ സാജൻ ബേസിൽ തിരഞ്ഞെടുക്കപ്പെട്ടു.

വനിതാവിഭാഗത്തിലെ ഫൈനലിൽ ഈസിനെർജി ടീമും നുഓക്സ് ടെക്നോളജീസും ഏറ്റുമുട്ടി. ആദ്യം ബാറ്റ് ചെയ്ത ഈസിനെർജി 6 ഓവറിൽ വിക്കറ്റ് നഷ്ടമില്ലാതെ 60 റൺസ് നേടി ശക്തമായ സ്കോർ ഉയർത്തി. മറുപടി ബാറ്റിങ്ങിനിറങ്ങിയ നുഓക്സ് ടെക്നോളജീസ് 6 ഓവറിൽ 4 വിക്കറ്റ് നഷ്ടത്തിൽ 24 റൺസിൽ ഒതുങ്ങി.

മികച്ച പ്രകടനവുമായി ഈസിനെർജിയുടെ വിസ്മയ ടി.കെ മത്സരത്തിലെ താരമായി തിരഞ്ഞെടുക്കപ്പെട്ടു. 21 പന്തിൽ 40 റൺസ് നേടിയ വിസ്മയ 6 സിക്സറും 2 ഫോറുകളും പറത്തി. ബൗളിംഗിലും മികവ് തെളിയിച്ച അവർ 2 ഓവറിൽ 3 റൺസ് മാത്രം വഴങ്ങി 3 വിക്കറ്റുകൾ വീഴ്ത്തി.

വുമൻസ് കാറ്റഗറിയിലെ പ്ലെയർ ഓഫ് ദി ടൂർണമെന്റായും, ഈസിനെർജി ടീമിന്റെ താരമായ വിസ്മയ ടി.കെയെ തന്നെ തിരഞ്ഞെടുത്തു. ടൂർണമെന്റിന്റെ സമാപനത്തോടനുബന്ധിച്ച് നടന്ന സമ്മാനദാന ചടങ്ങിൽ കാഫിറ്റ് പ്രസിഡന്റ് റിഫാത്ത് റഹ്മാൻ, സെക്രട്ടറി പ്രജീഷ് കെ.കെ, സി.പി.എൽ ചെയർമാൻ അബ്ദുൽ ഗഫൂർ, ട്രഷറർ നിതിൻ കെ.സി എന്നിവർ ഉൾപ്പെടെ മറ്റ് കാഫിറ്റ് ഭാരവാഹികളും പങ്കെടുത്തു.

# എൻ.ആർ.ഐ സീറ്റുകളിൽ പ്രവേശനം

**തിരുവനന്തപുരം:** മൂന്നാർ എൻജിനിയറിങ് കോളേജിൽ ഒന്നാംവർഷ ബി.ടെക് കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനിയറിങ്, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനിയറിങ്, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എൻജിനിയറിങ്, മെക്കാനിക്കൽ എൻജിനിയറിങ് ബ്രാഞ്ചുകളിലെ എൻ.ആർ.ഐ സീറ്റുകളിലേക്ക് അപേക്ഷിക്കാം.

താൽപര്യമുള്ള വിദ്യാർത്ഥികൾ www.cemunnar.ac.in/admission ൽ കൊടുത്തിരിക്കുന്ന ഗൂഗിൾ ഫോം പുരിപ്പിച്ച് മെയ് 15ന് മുമ്പ് സമർപ്പിക്കണം. വിശദവിവരങ്ങൾക്ക്: 9447570122, 9447578465, 0486 5232989.

# ക്രിസ്റ്റൽ ക്രോപ്പ് പ്രൊട്ടക്ഷന്റെ ബ്രാൻഡ് അംബാസഡറായി അക്ഷയ് കുമാർ



**കൊച്ചി:** അക്ഷയ് കുമാർ ക്രിസ്റ്റൽ ക്രോപ്പ് പ്രൊട്ടക്ഷന്റെ ബ്രാൻഡ് അംബാസഡറായി നിയമിതനായി. ഇതോടൊപ്പം “ദേശ് കാ കിസാൻ, ദേശ് കാ അസ്ലി ഹീറോ” എന്ന ദേശീയ ക്യാമ്പെയ്ൻ കമ്പനി ആരംഭിച്ചു. ഇന്ത്യൻ കർഷകരുടെ സംഭാവനകളും രാജ്യനിർമ്മാണത്തിലെ അവരുടെ പങ്കും പ്രമേയമാക്കിയുള്ളതാണ് ഈ ക്യാമ്പെയ്ൻ. കർഷകരുമായുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തുകയും ആധുനിക കാർഷിക പരിഹാരങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്നതാണ് കമ്പനിയുടെ ലക്ഷ്യം. കുമാറിന്റെ മൂല്യങ്ങൾ കമ്പനിയുടെ ദൗത്യവുമായി പൊരുത്തപ്പെടുന്നതാണെന്ന് അധികൃതർ അറിയിച്ചു. ടെലിവിഷൻ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ, തറതല പ്രവർത്തനങ്ങൾ എന്നിവയിലൂടെ ക്യാമ്പെയ്ൻ നടപ്പിലാക്കും.

# ഏവിസ് ഇന്ത്യയുമായി കൈകോർത്ത് നിസ്സാൻ മോട്ടോർ




**കൊച്ചി:** നിസ്സാൻ മോട്ടോർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡും ഏവിസ് ഇന്ത്യയും ചേർന്ന് ഇന്ത്യയിലെ കോർപ്പറേറ്റ് മൊബിലിറ്റി, ലീസിംഗ് സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി തന്ത്രപരമായ പങ്കാളിത്തം പ്രഖ്യാപിച്ചു. സംരംഭങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന ഫ്ളെക്സിബിൾ മൊബിലിറ്റി മോഡലുകളുടെ ആവശ്യം പരിഹരിക്കാനാണ് സഹകരണം ലക്ഷ്യമിടുന്നത്.

ഫ്ളെക്സിബിൾ ലീസിങ്, സബ്സ്ക്രിപ്ഷൻ പ്ലാനിലൂടെ നിസ്സാൻ മാഗ്നൈറ്റ്, പുതിയ നിസ്സാൻ ഗ്രാവൈറ്റ് എന്നിവയുൾപ്പെടെയുള്ള നിസ്സാൻ ഉൽപ്പന്നങ്ങൾ 60 മാസം വരെ കാലാവധിയിലും 50,000 കിലോമീറ്റർ ഉപയോഗ പരിധിയിലും ലഭ്യമാകും.

തിരഞ്ഞെടുത്ത വേരിയന്റുകൾക്ക് പ്രതിമാസം 9,399 രൂപയാണ് വാടക. പങ്കാളിത്തത്തിന്റെ ഭാഗമായി വാഹന രജിസ്ട്രേഷൻ, അറ്റകുറ്റപ്പണികൾ, ഇൻഷുറൻസ് ഉൾപ്പെടുന്ന സമ്പൂർണ ലീസ് ഏവിസ് ഇന്ത്യ കൈകാര്യം ചെയ്യും.

തന്ത്രപരവും ഉപഭോക്തൃ കേന്ദ്രീകൃതവുമായ സംരംഭങ്ങളിലൂടെ ഇന്ത്യൻ വിപണിയോടുള്ള നിസ്സാന്റെ ദീർഘകാല പ്രതിബദ്ധതയെ ഈ പങ്കാളിത്തം ശക്തിപ്പെടുത്തുമെന്ന് നിസ്സാൻ മോട്ടോർ ഇന്ത്യ മാനേജിംഗ് ഡയറക്ടർ സൗരഭ് വത്സ പറഞ്ഞു.

# കേരളത്തിലെ ഏറ്റവും വലിയ ആരോ സ്റ്റോർ കൊച്ചിയിൽ തുറന്നു

**കൊച്ചി:** അരവിന്ദ് ഫാഷൻസ് ലിമിറ്റഡിന്റെ പുരുഷ വസ്ത്ര ബ്രാൻഡായ ആരോ എറണാകുളത്ത് കേരളത്തിലെ ഏറ്റവും വലിയ സ്റ്റോർ ആരംഭിച്ചു. എംജി റോഡിൽ സിറ്റി ഹോസ്പിറ്റലിന് സമീപമാണ് 2,300ലധികം ചതുരശ്ര അടി വിസ്തൃതിയിൽ രണ്ട് നിലകളിലായി വ്യാപിച്ചുകിടക്കുന്ന പുതിയ ഫ്ളാഗ്ഷിപ്പ് ഷോപ്പ് തുറന്നത്. പുതിയ സ്റ്റോറിൽ നിന്ന് പവർ ഡ്രസ്സിംഗ് മുതൽ എലവേറ്റഡ് ഒക്കേഷൻവെയർ വരെയുള്ള ന്യൂയോർക്ക് പ്രചോദനം ഉൾക്കൊണ്ട ശേഖരങ്ങൾ കണ്ടെത്താനാകുമെന്ന് ആരോ അധികൃതർ അറിയിച്ചു. ആഡംബരത്തിനും ചൂടുള്ള കാലാവസ്ഥയ്ക്കും വേണ്ടി രൂപകൽപ്പന ചെയ്ത സമ്മർ ലിനൻസ് ബൈ ആരോ ശേഖരം, പ്രൊഫഷണലുകൾക്കായി രൂപകൽപ്പന ചെയ്തിരിക്കുന്ന നവീന ഓട്ടോപ്രസ് ഫ്ളെക്സ്, ഓട്ടോപ്രെസ് 4.0 ഷർട്ടുകളുടെ ശ്രേണികൾ, ഐക്കണിക് വൈറ്റ് ഷർട്ടുകളുടെ ശേഖരം, ഹെറിറ്റേജ് കട്ടുകൾ മുതൽ ആധുനിക എക്സിക്യൂട്ടീവ് ശൈലികൾ വരെയുള്ള സ്യൂട്ടുകളുടെയും ബ്ലേസറുകളുടെയും ആകർഷകമായ ഗാലറി  എന്നിവ ഇവിടെ ലഭിക്കും. പരിമിതമായ കാലയളവിലേക്ക് സ്റ്റോറിൽ മാത്രം ലഭ്യമായ എക്സ്ക്ലൂസീവ് ഉദ്ഘാടന ഓഫറുകൾ ആരോ പ്രഖ്യാപിച്ചു. പുരുഷ വസ്ത്ര നവീകരണത്തിലെ ഏറ്റവും പുതിയ ട്രെൻഡുകൾ പര്യവേഷണം ചെയ്യുമ്പോൾ ഉപഭോക്താക്കൾക്ക് വ്യക്തിഗതമാക്കിയ സ്റ്റൈലിംഗ് സെഷനുകളും പ്രത്യേക ഉദ്ഘാടന കിഴിവുകളും ആസ്വദിക്കാനാകുമെന്ന് ആരോ കമ്പനി  അധികൃതർ അറിയിച്ചു.

